പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 101 01.7.2015 ൽ മറുപടിക്ക്

**സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗിന്റെ റിപ്പോർട്ട്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ:<br>ശ്രീ. ഇ. ചന്ദ്രശേഖരൻ:<br>**ശ്രീ. ജി.എസ്. ജയലാൽ** | ശ്രീ. പി.കെ.അബ്ദുറബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

---

| | |
|---|---|
| (എ) വിദ്യാഭ്യാസ മേഖലയിൽ സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (എ) ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം,. തൃശ്ശൂർ, കാസർഗോഡ് എന്നീ അഞ്ച് ജില്ലകളാണ് എസ്.സി.ഇ.ആർ.ടി പഠനത്തിനായി തെരെഞ്ഞെടുത്തത് നാലാം ക്ലാസിലെയും, ഏഴാം ക്ലാസിലെയും കുട്ടികളുടെ നിലവാരമാണ് പഠനത്തിന് വിധേയമാക്കിയത്. നിലവിലുള്ള ഗ്രേഡിംഗിന് ഉപയോഗിക്കുന്ന അഞ്ച് പോയിന്റ് ഗ്രേഡിംഗ് രീതിയാണ് ഈ പഠനത്തിനും സ്വീകരിച്ചത്. ഇംഗ്ലീഷ്, മലയാളം, സയൻസ്, കണക്ക് എന്നീ വിഷയങ്ങളാണ് പഠനവിധേയമാക്കി-യത്. ഇംഗ്ലീഷിലും മലയാളത്തിലും റീഡിംഗ്, റൈറ്റിംഗ്, വ്യാകരണം, പദപരിചയം. എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയുള്ള ചോദ്യപേപ്പറും കണക്കിൽ അരിത്തമെറ്റിക്സ്, ജ്യോമട്രി., സമയം, നമ്പർ എന്നീ ഘടകങ്ങളുമാണ് പഠനത്തിനായി |

ഉപയോഗിച്ചത്. നാലാം ക്ലാസിൽ 20 മാർക്കിന് ഒരു മണിക്കൂർ കൊണ്ട് ചെയ്യാവുന്നതും, 7-ാം ക്ലാസിൽ 25 മാർക്കിന് 40 മിനിട്ട് കൊണ്ട് ചെയ്യാവുന്നതരത്തിലും ഒബ്ജെക്ടീവ് ടൈപ്പ് ചോദ്യങ്ങളാണ് ഉൾപ്പെടുത്തിയിരുന്നത്. 5 ജില്ലകളിൽ നിന്നും 2500 ഓളം കുട്ടികളെയാണ് പഠനവിധേയമാക്കിയത്. സ്റ്റാൻഡേർഡൈസ്ഡ് അച്ചീവ്മെന്റ് ടെസ്റ്റാണ് പഠനത്തിനായുപയോഗിച്ചത് പഠനത്തിന്റെ കൂടുതൽ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു

| | | | |
|---|---|---|---|
| (ബി) | പ്രൈമറി, അപ്പർ പ്രൈമറി, വിഭാഗങ്ങളിൽ പഠന നിലവാരം കുറഞ്ഞു വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ബി) | പ്രൈമറി, അപ്പർ പ്രൈമറി, വിഭാഗങ്ങളിൽ പഠന നിലവാരം കുറഞ്ഞു വരുന്നതായി പഠന റിപ്പോർട്ട് പ്രകാരം കണ്ടെത്തിയിട്ടില്ല. |

Sheela H

സെക്ഷൻ ഓഫീസർ

## അനുബന്ധം

### നാലാം ക്ലാസിലെ പഠനത്തെ സംബന്ധിച്ച കണ്ടെത്തലുകൾ

മലയാളത്തിൽ 52.48% കുട്ടികൾ എ- ഗ്രേഡ് (75-100 %) നേടി. വളരെ കുറഞ്ഞ ശതമാനം (6.67% ) കുട്ടികൾ മാത്രമേ (30-33 %) ഡി-ഇ ഗ്രേഡ് നേടിയിട്ടുള്ളു.

ഇംഗ്ലീഷിൽ 75.60% കുട്ടികൾ എ- ഗ്രേഡ് നേടിയപ്പോൾ ഡി, ഇ, ഗ്രേഡുകൾ കരസ്ഥമാക്കിയവുരടെ ശതമാനം വളരെ കുറവാണ് ( 1.61, 1.93)

പരിസര പഠനത്തിൽ 26.29% കുട്ടികൾ മാത്രമേ എ- ഗ്രേഡ് നേടിയിട്ടുള്ളു. 10 ശതമാനത്തിലധികം കുട്ടികൾ ഇ- ഗ്രേഡ് ആണ് നേടിയത്.

മാത്തമറ്റിക്സിൽ 37.35% കുട്ടികളാണ് എ- ഗ്രേഡ് നേടിയത്. 11.53% കുട്ടികൾ ഇ-ഗ്രേഡാണ് നേടിയത്

ഇംഗ്ലീഷ്. മലയാളം വിഷയങ്ങളിൽ ഹയർഗ്രേഡ് (എ.ബി) കരസ്ഥമാക്കയത് 88.92% ഉം കുട്ടികളാണ്. എന്നാൽ പരിസര പഠനത്തിലും ( 48.23% ) മാത്തമറ്റിക്സിലും ( 60.24%) ഭാഷാവിഷയങ്ങളെ അപേക്ഷിച്ച നിലവാരം കുറഞ്ഞതായി കാണുന്നു

### ഏഴാം ക്ലാസിലെ പഠനത്തെ സംബന്ധിച്ച കണ്ടെത്തലുകൾ

മലയാളത്തിൽ 65.43% കുട്ടികൾ എ- ഗ്രേഡ് (75-100% ) നേടി. ഇ ഗ്രേഡ് നേടിയവരുടെ എണ്ണം വളരെ കുറവാണ് 5.56%

ഇംഗ്ലീഷിന് 70.92% കുട്ടികൾ എ- ഗ്രേഡ് നേടി. ഡി, ഇ, ഗ്രേഡ് നേടിയവരുടെ ശതമാനം 2.64 %ഉം 2.95 % എന്നിങ്ങനെയാണ്

അടിസ്ഥാന ശാസ്ത്രത്തിൽ 14.31% കുട്ടികൾ മാത്രമേ എ- ഗ്രേഡ് നേടിയിട്ടുള്ളു. ബി-ഗ്രേഡ് 28.12% കുട്ടികൾ നേടി. 15.31% കുട്ടികൾ ഇ ഗ്രേഡാണ് നേടിയത്.

മാത്തമാറ്റിക്സിൽ 27.13 %കുട്ടികൾ എ- ഗ്രേഡ് നേടി ബി-ഗ്രേഡ് 29.02% വും സി-ഗ്രേഡ് 22.03% എന്നിവയാണ് മറ്റുള്ള ഗ്രേഡുകൾ. 10.88% കുട്ടികൾ ഇ-ഗ്രേഡാണ്. നേടിയത്. മാത്തമാറ്റിക്സിൽ ഹയർഗ്രേഡ് നേടിയവരുടെ (എ + ബി) ശതമാനം 56.16% മാണ്.

Sheela P

സെക്ഷൻ ഓഫീസർ